പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 465 **13-10-2026-ൽ മറുപടിയ്ക്ക്**

കയർ മേഖല മെച്ചപ്പെടുത്താൻ നടപടി

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീ. ജി. സുധാകരൻ ശ്രീ. രമേശ് ചെന്നിത്തല
(ആഭ്യന്തര- വിജിലൻസ്, കയർ വകുപ്പ് മന്ത്രി)

(എ) കയർ മേഖലയിൽ ഉയർന്നുവന്നിട്ടുള്ള വിലക്കയറ്റം, തൊഴിൽ ലഭ്യതയുടെ കുറവ് എന്നിവ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ;

മറുപടി: കയർ ഉൽപ്പാദനത്തിനുപയോഗിക്കുന്ന അസംസ്കൃതവസ്തുക്കളായ തൊണ്ട് ചകിരി എന്നിവയ്ക്ക് കഴിഞ്ഞ വർഷങ്ങളിൽ ക്രമാതീതമായ വിലവർദ്ധന ഉണ്ടായിട്ടുണ്ട്. ഗുണമേന്മയുള്ള തൊണ്ടും ചകിരിയും ആവശ്യാനുസരണം സംസ്ഥാനത്ത് ലഭിക്കാത്തതിനാൽ അയൽ സംസ്ഥാനങ്ങളെ ആശ്രയിക്കേണ്ടി വരുന്നത് അസംസ്കൃത വസ്തുക്കളുടെ വിലവർദ്ധനക്ക് കാരണമാകുന്നു.

വൈദ്യുതി, തൊഴിലാളികളുടെ വേതനം, യന്ത്രങ്ങളുടെ അറ്റകുറ്റപ്പണി തുടങ്ങിയ ചെലവുകൾ നാൾക്കുനാൾ വർദ്ധിച്ചു വരുന്നതും വർദ്ധിച്ച ഉൽപ്പാദനച്ചെലവും സംഘങ്ങളുടെ സാമ്പത്തിക നിലയെ പ്രതികൂലമായി ബാധിക്കുന്നതിനാൽ പ്രവർത്തന മൂലധനത്തിന്റെ ലഭ്യതയിൽ കുറവുണ്ടാവുകയും തന്മൂലം തൊഴിൽ ലഭ്യതയിലും കുറവ് വരുകയും ചെയ്തിട്ടുണ്ട്.

(ബി) പ്രസ്തുത വിഷയം പരിഹരിക്കുന്നതിനായി സ്വീകരിക്കുന്ന നടപടികൾ എന്തൊക്കെയെന്ന് വിശദമാക്കുമോ;

മറുപടി: Price fluctuation fund, Income Support to Coir workers, Regulated mechanization of coir industry, Coir Cluster Development Programme, Government Share Participation Scheme, Infrastructure Development Scheme, Marketing Development Assistance, Production and Marketing Incentive Scheme, Working Capital Assistance Scheme തുടങ്ങി വിവിധ പദ്ധതികൾ കയർ മേഖലയിലെ വിലസ്ഥിരത ഉറപ്പാക്കുന്നതിനും ഉൽപ്പാദനക്ഷമത വർധിപ്പിക്കുന്നതിനും തൊഴിലാളികൾക്ക് കൂടുതൽ തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കുന്നതിനുമായി സർക്കാർ നടപ്പിലാക്കിവരുന്നു. കയർ ജിയോ ടെക്സ്റ്റൈൽസ് ഉൾപ്പെടെയുള്ള മൂല്യവർധിത ഉൽപ്പന്നങ്ങളുടെ ഉൽപ്പാദനവും വിപണനവും പ്രോൽസാഹിപ്പിക്കുന്നതിനായി കേരളത്തിൽ MGNREGS/VB-G RAM G പദ്ധതിയിൽ ഉൾപ്പെടുത്തി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഴി ജില്ലകളിൽ കയർ കോർപ്പറേഷൻ കയർ ഭൂവസ്ത്രം വിപണനം ചെയ്തു വരുന്നു. കയർ സഹകരണ സംഘങ്ങൾക്ക് ആവശ്യമായ പ്രവർത്തനമൂലധന സഹായം, പുനഃരുജ്ജീവന നടപടികൾ എന്നിവയും നടപ്പിലാക്കി വരുന്നു. കയർ ഉൽപ്പന്നങ്ങളുടെ വിപണി വിപുലികരിക്കുന്നതിനായി പ്രചാരണം, പ്രദർശനങ്ങൾ, കയറ്റുമതി പ്രോത്സാഹനം എന്നീ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നു. സംഘങ്ങൾക്ക് ചകിരി ലഭ്യത ഉറപ്പു

വരുത്തുന്നതിന് കയർ ഫെഡ് വഴി ഫൈബർ ബാങ്ക് പദ്ധതി ആവിഷ്കരിച്ചു നടപ്പാക്കിയിട്ടുണ്ട്. കൂടാതെ പാലക്കാട്, കോഴിക്കോട്, കണ്ണൂർ മേഖലകളിൽ കുറ്റമറ്റ ഉല്പാദന ക്ഷമതയുള്ള D/F മെഷീനുകൾ സ്ഥാപിച്ച് ചകിരിക്ഷാമം പരിഹരിച്ച് കയർപിരി മേ ഖലയിലെ തൊഴിൽരഹിതരായ തൊഴിലാളികൾക്ക് കൂടുതൽ തൊഴിൽ നൽകുകയും നിലവിലുള്ള വേതനം 500 രൂപയായി വർദ്ധിപ്പിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. കയറിന്റെയും കയർ ഉത്പന്നങ്ങളുടെയും വില യഥാസമയം നൽകുന്നതിന് റിവോൾവിംഗ് ഫണ്ട് പദ്ധതിയും നടപ്പാക്കിവരുന്നു.

ആഭ്യന്തര വിപണി വിപുലപ്പെടുത്തുന്നതിന്റെ ഭാഗമായി കേരളത്തിലും മറ്റു സംസ്ഥാനങ്ങളിലും കയർ കോർപറേഷൻ വഴി ഡിസ്ട്രിബ്യൂട്ടർമാരെയും ഏജന്റുമാരെയും നിയമിക്കുകയും ഇവർ വഴിയുള്ള വിപണന സാധ്യതകൾ കണ്ടെത്തുകയും ചെയ്യുന്നുണ്ട്. കൂടാതെ ഇന്ത്യയിലെമ്പാടുമുള്ള പ്രധാന റീടെയിൽ ചെയിൻ നെറ്റുവർക്കുകളുള്ള സ്ഥാപനങ്ങളും മറ്റു മാളുകളു മായി കരാറിലേർപ്പെടുകയും ഇതുമുഖാന്തിരം വിപണനം നടത്തുന്നതിനുള്ള പദ്ധതികൾ നടപ്പിലാക്കിവരുന്നു. ഓൺലൈൻ പ്ലാറ്റഫോമുകൾ വഴിയും വിൽപ്പന നടത്തി വരുന്നു. 'കയറിനൊരു കൈത്താങ്ങ് - ഒരു വീട്ടിൽ ഒരു കയറുൽപ്പന്നം" പദ്ധതി ആവിഷ്കരിച്ച് കയറുപ്പന്നങ്ങൾ കേരളത്തിലെമ്പാടും വിൽപ്പന നടത്തിവരുന്നു.

(സി) 2006 -2011 കാലയളവിൽ കയർ വകുപ്പ് മുൻകാലങ്ങളിലെ പോരായ്മ പരിഹരിക്കാൻ ആവിഷ്കരിച്ച നവീന പദ്ധതികളുടെയും മാർഗ്ഗങ്ങളുടെയും വിശദവിവരങ്ങൾ പരിശോധിക്കാൻ സർക്കാർ താത്പര്യപ്പെടുമോ; വ്യക്തമാക്കുമോ;

<u>മറുപടി:</u> ആവശ്യമെങ്കിൽ പരിശോധിച്ച് ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്.

(ഡി) ദി ഗോൾഡൻ യാൺ ഓഫ് ഗോഡ്സ് ഓൺ കൺട്രി - ദൈവത്തിന്റെ നാട്ടിലെ സുവർണ്ണ നാര് എന്ന ബാനറിൽ കയർ മേഖലയ്ക്ക് പുത്തൻ ഉണർവ്വ് ഉണ്ടായത് പരിഗണിച്ച് മേൽപ്പറഞ്ഞ പേര് രാജ്യത്തിനകത്തും വിദേശത്തും പ്രചരിപ്പിക്കാൻ സർക്കാർ താത്പര്യം പ്രകടിപ്പിക്കുമോ; വ്യക്തമാക്കുമോ?

<u>മറുപടി:</u> പരിശോധിച്ച് ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ